ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സാമ്പത്തിക സഹായം ലഭ്യമാകാതെ ഈ പദ്ധതി മുന്നോട്ടു കൊണ്ടുപോകാൻ കഴിയുകയില്ല. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അത് ലഭ്യമാകുന്നതിനുള്ള സഹായങ്ങൾ ആവശ്യമാണ്. അതോടൊപ്പംതന്നെ 1.15 ഏക്കർ വനഭൂമി അനുവദിച്ചുകൊടുത്തിട്ടുണ്ട്. പക്ഷെ, അത് മരം മുറിച്ച് കമ്പനിയേയോ ജില്ലാ പഞ്ചായത്തിനേയോ ഏൽപ്പിച്ചിട്ടില്ല. അതിനുവേണ്ട നടപടി സ്വീകരിക്കണം.

ശ്രീ. കടവൂർ ശിവദാസൻ: വ്യക്തമായ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ നൽകിയിട്ടുള്ള കരാറാണ്. ആ കരാർ ഒന്നുംതന്നെ ഗവൺമെന്റോ ബോർഡോ ലംഘിച്ചിട്ടില്ല. പുതിയ വ്യവസ്ഥകൾ ഉണ്ടാകണമെങ്കിൽ അതിനുവേണ്ട തീരുമാനം വേണം.

(2) വ്യവസായ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. മുഹമ്മദാലി: സംസ്ഥാനത്ത് പൊതുമേഖലയിലും സഹകാര്യ മേഖലയിലും ഉള്ള വ്യവസായങ്ങൾ വ്യത്യസ്ത കാരണങ്ങളാൽ പ്രതിസന്ധിയിലാണ്. രാഷ്ട്രീയ ഇച്ഛാശക്തിയോടുകൂടി ഗവൺമെന്റ് ഈ കാര്യത്തിൽ ഗൗരവത്തോടുകൂടി ഇടപെട്ടാൽ മാത്രമേ വ്യവസായ മേഖലയിലെ ഗുരുതരമായ സ്ഥിതിക്ക് പരിഹാരമുണ്ടാക്കാൻ കഴിയൂ. കേന്ദ്ര ഗവൺമെന്റിന്റെ ഉടമയിലുള്ള വ്യവസായങ്ങൾ വിറ്റഴിക്കുന്ന തിരക്കിലാണ്. FACT-യുടെ കാര്യത്തിൽ ഇന്നലെ കേന്ദ്രമന്ത്രി ഷൂറി പറഞ്ഞ കാര്യം സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വേദനാജനകമാണ്. ഓഹരി വിറ്റഴിക്കുന്ന നടപടിയുമായി കേന്ദ്ര ഗവൺമെന്റ് മുന്നോട്ടു പോകുമെന്നാണ് കേരളത്തിൽ നിന്നുള്ള എം.പി.-മാരോട് അദ്ദേഹം പറഞ്ഞിരിക്കുന്നത്. ഇന്ത്യാഗവൺമെന്റ് അധികാരത്തിൽനിന്ന് പോകുന്നതിനുമുമ്പ് ഇന്ത്യയിലെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും വിറ്റഴിക്കുമെന്ന ദൃഢനിശ്ചയത്തോടുകൂടി അവർ മുന്നോട്ടുപോവുകയാണ്. സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം FACT പോലെയുള്ള ഒരു വ്യവസായ സ്ഥാപനത്തെ എങ്ങനെ പൊതുമേഖലയിൽ നിലനിർത്താൻ കഴിയുമെന്നതിനെക്കുറിച്ച് പരിശോധിക്കണം. ഒരു വ്യവസായ സ്ഥാപനം എന്ന നിലയിൽ മാത്രമല്ല FACT-യെ കാണേണ്ടത്. രണ്ടു പഞ്ചായത്തുകളിലെ ഭൂരിപക്ഷം പ്രദേശങ്ങളും ഈ വ്യവസായത്തിന്റെ നിയന്ത്രണത്തിലാണ്. ഇവിടെ റോഡ് മെയിന്റനൻസ് നടത്തുന്നത്, സ്ട്രീറ്റ് ലൈറ്റ് നൽകുന്നത്, കുടിവെള്ളം നൽകുന്നത്, ഇവയൊക്കെ ഈ വ്യവസായമാണ്. സഹകാര്യമേഖലയിലേക്ക് ഈ വ്യവസായം പോകുമ്പോൾ സാമൂഹികമായ പല പ്രശ്നങ്ങളും ഉയർന്നുവരും എന്നതുകൂടി ഗവൺമെന്റ് കണക്കിലെടുക്കണം. മറ്റ് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളും ഇന്ന് പ്രതിസന്ധിയിലൂടെ മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നു. ഈ സംസ്ഥാന ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള വ്യവസായങ്ങൾ, T.C.C.-യിൽ തൽക്കാലം ഒരു ആശ്വാസമുണ്ടായിട്ടുണ്ടെങ്കിൽപ്പോലും T.C.C. പ്രതിസന്ധിയിൽ നിന്ന് കരകയറിയിട്ടില്ല. തൊട്ടടുത്തുള്ള F.I.T. വളരെ പഴക്കം ചെന്ന സ്ഥാപനമാണ്. അതും ഇന്ന് പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്നു. അങ്കമാലിയിലെ T.E.L.K. കേരളത്തിൽ പ്രവർത്തിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനമാണ്. അതും ഇന്ന് പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുന്നു. സംസ്ഥാന ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള പല വ്യവസായങ്ങളും ഇന്ന് പ്രതിസന്ധിയിലാണ്. സ്വകാര്യ മേഖലയിലുള്ള വലുതും ഇടത്തരവുമായ വ്യവസായങ്ങളൊക്കെത്തന്നെ ഇന്ന് പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്നു. ഈ കാര്യത്തിൽ ശരിയായ രീതിയിലുള്ള പരിഹാരമുണ്ടാകണമെങ്കിൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ രാഷ്ട്രീയ ഇച്ഛാശക്തിയോടുകൂടിയുള്ള ഇടപെടലുകൾ അനിവാര്യമായിരിക്കുന്നു. ആ വ്യവസായത്തിന്റെ പ്രശ്നമെന്ന നിലയിൽ മാത്രം കാണാതെ സംസ്ഥാനത്തിന്റെ പൊതുവായ പ്രശ്നമെന്ന നിലയിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകണം. ഇന്ത്യൻ അലുമിനിയം കമ്പനിയാണെങ്കിൽ കേരളത്തിലെ ഏറ്റവും വലിയ വ്യവസായ സ്ഥാപനമാണ്. ആ വ്യവസായ സ്ഥാപനത്തിന്റെ പ്രവർത്തനം നിലച്ചുകഴിഞ്ഞു. പൂർണ്ണമായും നിലച്ചുകഴിഞ്ഞിരിക്കുകയാണ്. വിവിധ വകുപ്പുകൾ തമ്മിൽ ഒരു കോ-ഓർഡിനേഷനുണ്ടാക്കാൻ നമുക്ക് കഴിയുന്നില്ല. വൈദ്യുതിയുടെ കാര്യത്തിൽ പല പ്രയാസങ്ങളുണ്ടാകാം. പക്ഷെ, കേരളത്തിലെ വ്യവസായ സ്ഥാപനങ്ങളെല്ലാം അടച്ചുപൂട്ടിയശേഷം വൈദ്യുതി മാനേജ്മെന്റ് നന്നായി നടത്തിക്കൊണ്ടുപോകാൻ കഴിഞ്ഞുവെന്ന അവകാശവാദത്തോടുകൂടി നമുക്ക് മുന്നോട്ടുപോകാൻ കഴിയുന്നതല്ല. ഈ രംഗത്ത് ഉദാരപരമായ സമീപനം സംസ്ഥാനഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായില്ലെങ്കിൽ കേരളത്തിൽ പ്രവർത്തിക്കുന്ന പല വ്യവസായ സ്ഥാപനങ്ങളും അടച്ചുപൂട്ടൽ ഭീഷണി നേരിടേണ്ടിവരുമെന്ന കാര്യത്തിൽ സംശയമില്ല. നമ്മുടെ രാജ്യത്ത് മൊത്തത്തിലുണ്ടായിരിക്കുന്ന സാഹചര്യങ്ങൾ വ്യവസായങ്ങൾ സ്ഥാപിക്കുന്ന കാര്യത്തിൽ ധാരാളം പ്രശ്നങ്ങളും പ്രയാസങ്ങളുമുണ്ടാക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ നയ സമീപനത്തിലുള്ള പ്രശ്നങ്ങൾ മൂലം വ്യവസായങ്ങൾ നടത്തിക്കൊണ്ടുപോകാൻ കഴിയുന്നില്ല. എങ്കിൽപ്പോലും ഈ പ്രതികൂലമായ സാഹചര്യങ്ങളിൽ കേരളത്തിന്റെ തൊട്ടയൽസംസ്ഥാനങ്ങളായ കർണ്ണാടകയിലും തമിഴ്നാട്ടിലുമൊക്കെ വ്യവസായം നടത്തിക്കൊണ്ട് പോകുന്നുണ്ട്. ഇവിടെ വ്യവസായങ്ങൾ നടത്തുന്നവർക്ക് സുരക്ഷിതത്വം ലഭിക്കുന്നില്ല എന്ന പരാതി ഉണ്ടാകുന്നുണ്ട്. ഈ പരാതികൾകൂടി കണക്കിലെടുത്തുകൊണ്ട് ആക്ഷേപങ്ങൾകൂടി കണക്കിലെടുത്തുകൊണ്ട്, ഇന്ന് കേരളത്തിലെ വ്യവസായ മേഖലയ്ക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രയാസങ്ങൾ.....കേരളത്തിലെ വ്യവസായ മേഖലയുടെ ആസ്ഥാനം ഏലൂർ മേഖലയാണ്. ആലുവ നിയോജകമണ്ഡലത്തിലെ കളമശ്ശേരി, ഏലൂർ, എടയാർ ഉൾപ്പെടെയുള്ള വ്യവസായ മേഖലകളെല്ലാം ശ്മശാനമൂകതയിലാണ്. വളരെ ഗൗരവമായ സാഹചര്യമാണ് നിലനിൽക്കുന്നത്. കേരളത്തിലെ സാമ്പത്തിക മേഖലയെത്തന്നെ പുറകോട്ടുകൊണ്ടുപോകുന്ന, പല തരത്തിലുള്ള ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു സ്ഥിതിവിശേഷത്തിന് പരിഹാരമുണ്ടാക്കുന്ന കാര്യത്തിൽ ഗൗരവമായ സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. പുതിയ നിക്ഷേപങ്ങൾ ഉണ്ടാകുന്നതോടൊപ്പം തന്നെ നിലവിലുള്ള വ്യവസായങ്ങളെ നിലനിർത്തുവാനും



LIBRARY ARCHIVES Kerala Legislative Assembly

അത് മുന്നോട്ടുകൊണ്ടുപോകുവാനും കഴിയുന്ന നിലയിലുള്ള അനുകൂലമായ സാഹചര്യം ഉണ്ടാകുന്നതിന് സംസ്ഥാന ഗവൺമെന്റ് വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി .....നമുക്കറിയാം ധനകാര്യ സ്ഥാപനങ്ങൾ വളരെ നിഷേധാത്മകമായ സമീപനമാണ് സ്വീകരിക്കുന്നത്..... ഗവൺമെന്റ് നിയന്ത്രണത്തിലുള്ള K.S.I.D.C. ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങൾ വളരെ നിഷേധാത്മകമായ സമീപനമാണ് കാണിക്കുന്നത്. വൈദ്യുതി ബോർഡും മറ്റ് പല വകുപ്പുകളും തമ്മിൽ ഒരു കോ-ഓർഡിനേഷനുണ്ടാകണം. അത്തരമൊരു കോ-ഓർഡിനേഷനോടുകൂടി, ഈ സ്ഥാപനങ്ങളൊക്കെ നിലനിർത്താൻ കഴിയുന്ന അത്യാവശ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ സംസ്ഥാന ഗവൺമെന്റ് ശ്രമിച്ചുകൊണ്ട് പൊതുമേഖലയിലായാലും, സംസ്ഥാന ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ളതായാലും ഈ വ്യവസായങ്ങളെ നിലനിർത്താനുള്ള പ്രവർത്തനങ്ങൾക്ക് മുന്നോട്ടു വരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പുതിയ മേഖലയിൽ പുതിയ വ്യവസായങ്ങളും പരിപാടികളുമൊക്കെ പുതുതായി സജീവമായി നടക്കുമ്പോൾതന്നെ പഴയ വ്യവസായങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളും ഒക്കെ നിലനിർത്താനുള്ള നടപടി വേണം. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ.... T.C.C. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്ന സമയത്ത് B.I.F.R.-ലായിരുന്നു. വളരെ മോശമായ സ്ഥിതിയിലായിരുന്നു. അതിപ്പോൾ B.I.F.R.-ൽ നിന്ന് പുറത്തുവരുന്ന സ്ഥിതിയിലായിക്കൊണ്ടിരിക്കുകയാണ്. വളരെ നല്ല നിലയിലേക്ക് ഇപ്പോൾ T.C.C. വന്നിട്ടുണ്ട്. T.E.L.K.-ഉം വളരെ മോശമായ സ്ഥിതിയിലായിരുന്നു. അടച്ചുപൂട്ടൽ ഭീഷണിയിലായിരുന്നു. അതിൽനിന്ന് കരകയറിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ മെച്ചപ്പെട്ടിട്ടുണ്ട്. അത് ഞാൻ ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇന്ത്യൻ അലുമിനിയം കമ്പനിയുടെ പ്രോബ്ലം വേറൊന്നുമല്ല. ഇപ്പോഴത്തെ കൂടിയ റേറ്റിൽ ഇലക്ട്രിസിറ്റിയെടുത്ത് പ്രവർത്തിപ്പിക്കാൻ ആ സ്ഥാപനത്തിന് കഴിയുകയില്ല. അതാണ് പ്രശ്നം. അതുകൊണ്ട് സബ്സിഡിയുണ്ടെങ്കിലേ പറ്റൂ എന്ന സ്ഥിതിയിലാണ്. സബ്സിഡി വലിയ സംഖ്യയാണ്. ഇതാണ് പ്രശ്നം. മറ്റ് പല പൊതുമേഖലാ സ്ഥാപനങ്ങളും സാമ്പത്തികമായ കൺസെഷനാണ് ചോദിക്കുന്നത്. അതിലൊക്കെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു പ്രവർത്തിപ്പിച്ചാൽ മാത്രമേപറ്റൂ. രാഷ്ട്രീയ ഇച്ഛാശക്തി എന്ന് പറയുമ്പോൾ സാമ്പത്തിക സഹായം ചെയ്യുന്ന കാര്യത്തിൽ മാത്രം പോരാ. എല്ലാ രാഷ്ട്രീയ പാർട്ടികളും കൂടിചേർന്ന് വ്യവസായത്തെ രാഷ്ട്രീയ വിമുക്തമാക്കി ഇൻവെസ്റ്റ്മെന്റിനേയും അതുപോലെതന്നെ വ്യവസായത്തിന്റെ നിലനിൽപ്പിനേയും സപ്പോർട്ട് ചെയ്താലേ സാധിക്കൂ. കേരളത്തിൽ നിർഭാഗ്യകരമായ ഒരു അവസ്ഥയുണ്ട്. എന്തും ഇവിടെ കോൺട്രവേഴ്സിയാണ്, സെൻസേഷനലാണ്. അതുപോലെ ധാരാളം പ്രശ്നങ്ങളുണ്ട്. അതൊന്നും മറച്ചുവച്ചിട്ട് കാര്യമില്ല. മറ്റ് സംസ്ഥാനങ്ങളിൽ വ്യവസായങ്ങൾക്കു കിട്ടുന്ന whole hearted support പല കാരണങ്ങളാൽ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ കിട്ടുന്നില്ല. ആരേയും കുറ്റപ്പെടുത്തുന്നില്ല. ഓവർ പൊളിറ്റിക്സുണ്ട്. ഇതെല്ലാം കൂടിക്കുഴഞ്ഞ് വ്യവസായ അന്തരീക്ഷത്തിൽ പ്രശ്നങ്ങളുണ്ട്. എന്നാലും ഈ പ്രതിസന്ധിക്കിടയിലാണ്..... ഗ്ലോബൽ മീറ്റ് കഴിഞ്ഞശേഷം Development Agenda എന്നു പറഞ്ഞ് ഈ സംസ്ഥാനത്തിന്റെ മുഴുവൻ ശ്രദ്ധ ആകർഷിച്ച വികസന അജണ്ട ഉയർന്നുവന്നതല്ലേ. അതിനുശേഷം ധാരാളം കോൺട്രവഴ്സിയുണ്ടായി. അതിനുശേഷം നമ്മുടെ ശ്രദ്ധയൊക്കെ തിരിഞ്ഞ് മുത്തങ്ങയിലും മാറാടുമൊക്കെയായി. ഞാൻ ആരേയും കുറ്റപ്പെടുത്തുന്നില്ല. പ്രതിപക്ഷത്തേയും ഭരണപക്ഷത്തേയും കുറ്റപ്പെടുത്തുന്നില്ല. വികസന അജണ്ടയെക്കുറിച്ച് ചിന്തിക്കാൻ നമുക്ക് സമയമുണ്ടോ? ഇത്രയും അൺ എംപ്ലോയ്ഡായ ആളുകൾക്ക് എംപ്ലോയ്മെന്റ് കൊടുക്കുന്നതിന് ഒരു പ്രയോറിറ്റി കൊടുക്കാൻ ഉള്ള രാഷ്ട്രീയ ഇച്ഛാശക്തിയുണ്ടോ? അതില്ലാത്തിടത്തോളംകാലം വ്യവസായ വകുപ്പിൽ അത്ഭുതമൊന്നും കാണിക്കാൻ കഴിയുകയില്ല. അതാണ് വസ്തുത. രണ്ടുവർഷത്തെ പ്രവർത്തനത്തിനുശേഷം ഈ വ്യവസായ രംഗത്ത് നല്ല ഒരു മാറ്റമുണ്ടാക്കാൻ കഴിയുമെന്നായിരുന്നു എന്റെ പ്രതീക്ഷ. ആ വലിയ പ്രതീക്ഷയൊന്നും ഇപ്പോൾ എനിക്കില്ല. തുറന്നുപറയാമല്ലോ, തുറന്നുപറയുന്നതാണ് നല്ലത്. എല്ലാ പേരും കൂടി സപ്പോർട്ട് ചെയ്താലേ സംഗതി നടക്കൂ. അല്ലെങ്കിൽ ബുദ്ധിമുട്ട് തന്നെയാണ്. ഈ പ്രതിസന്ധിക്കിടയിലാണ് ഇൻഫോസിസ് കേരളത്തിൽ ഇൻവെസ്റ്റ് ചെയ്യാൻ തീരുമാനിച്ചത്. അവരെ പ്രത്യേകമായി വിളിച്ച് അഭിനന്ദിക്കണം. അതാണ് സ്ഥിതി. ഇപ്പോൾ ഇടയ്ക്കിടയ്ക്ക് ഹർത്താലും ബന്ദുമൊക്കെയാണ്. ഭരണകക്ഷി നടത്തുന്ന ഹർത്താലുകളുമുണ്ട്. മാറാട് പ്രശ്നം, ഇപ്പോൾ നിങ്ങൾ ഉണ്ടാക്കിയതല്ലല്ലോ. അങ്ങനെയുള്ള വിവിധ പ്രശ്നങ്ങൾ ഈ സംസ്ഥാനത്ത് അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇതൊക്കെ സംസ്ഥാനത്തെ താല്പര്യത്തിന് എതിരാണ്. എഫ്.എ.സി.റ്റി. ഇപ്പോൾ സഹകരണ മേഖലയിൽ എടുക്കണമെന്ന് ഞങ്ങൾ പറഞ്ഞുനോക്കി. കേന്ദ്ര ഗവൺമെന്റിന്റെ നയം വേറെയാണ്. അവർ ഇതൊക്കെ ഡിസ് ഇൻവെസ്റ്റ് ചെയ്ത് പ്രൈവറ്റ് മേഖലയിലേക്ക് കൊടുക്കുന്നു. കേന്ദ്രത്തിന്റെ സാമ്പത്തിക കാരണങ്ങൾ പറഞ്ഞ് അവർ വേറെ നിലയിലേയ്ക്കാണ് പോകുന്നത്. അത് സംബന്ധിച്ച് ഇപ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രമിക്കുന്നുണ്ട്. 25-ാം തീയതി വീണ്ടും പോകുന്നുണ്ട്. അങ്ങനെ ഞങ്ങൾ ശ്രമിച്ചുകൊണ്ടേയിരിക്കും. നമുക്ക് എല്ലാപേർക്കുംകൂടി ശ്രമിക്കാം. പക്ഷേ പഴയ ഓർഡർ മാറി. പണ്ട് ഗവൺമെന്റ് ഇൻവെസ്റ്റ് ചെയ്യുന്ന ഓർഡർ മാറി. ഇപ്പോൾ വേറെ മേഖലയിൽനിന്നും ഇൻവെസ്റ്റ് കൊണ്ടുവന്ന് ആളുകൾക്ക് വ്യവസായ രംഗത്ത് തൊഴിൽ ഉണ്ടാക്കി കൊടുക്കുകയും, രാജ്യത്തിന് പുരോഗതി ഉണ്ടാക്കുകയും ചെയ്യണം. ഇത് രണ്ടും ഇല്ലാത്ത സ്ഥിതിയാണ്. കാശ് ഉണ്ടെങ്കിൽ പൊതുമേഖലയിൽ അങ്ങനെ ഇൻവെസ്റ്റ് ചെയ്ത് പോകാമായിരുന്നു. അതിന് കാശില്ല. കാശില്ലാത്തത് പോകട്ടെ, പൊതുമേഖലകൾക്ക് അത്യാവശ്യമായി കൊടുക്കേണ്ട കൺസഷൻപോലും ഇപ്പോൾ ഞങ്ങൾ കൊടുക്കുന്നില്ല. ചെറുകിട വ്യവസായങ്ങൾക്ക് കൊടുക്കുന്ന കൺസഷൻ കൊടുക്കുവാൻ കഴിയുന്നില്ല. കാശില്ല. പണ്ട് കൊടുത്തിരുന്ന ചെറിയ

LIBRARY ARCHIVES Kerala Legislative Assembly

ചെറിയ കൺസഷൻപോലും ഇപ്പോൾ കൊടുക്കുവാൻ കഴിയുന്നില്ല. ഇങ്ങനെ ഇലക്ട്രിസിറ്റി രംഗത്ത് യാതൊരു കൺസഷനും കൊടുക്കാതെ മഹാത്ഭുതം സംഭവിക്കണമെന്നാണ് പറയുന്നത്. എല്ലാം വേണ്ടെന്ന് വയ്ക്കാമായിരുന്നു. എല്ലാപേരും ചേർന്ന് ഒരു ഹോൾ ഹാർട്ടഡ് സപ്പോർട്ട് കൊടുത്തിരുന്നുവെങ്കിൽ. ആ സപ്പോർട്ടുമില്ല. ഈ ഭീഷണിക്കിടയിൽ എന്ത് സാധിക്കുമോ അത് നടക്കും. അതിനപ്പുറം വലിയ പ്രയാസമാണ്. അത് നമ്മൾ ചർച്ച ചെയ്യേണ്ട കാര്യമാണ്. ഗ്ലോബൽ ഇൻവെസ്റ്റർ മീറ്റിനു ശേഷമുണ്ടായ വലിയ പ്രതീക്ഷ നിലനിർത്തണമെങ്കിൽ സീരിയസ്സായിട്ട് എല്ലാ പൊളിറ്റിക്കൽ പാർട്ടികളും കൂടിയിരുന്ന് കൺസൻസസ് ഉണ്ടാക്കി ഇതിനെ രാഷ്ട്രീയ വിമുക്തമാക്കി വ്യവസായവൽക്കരണത്തിന് ശ്രമിക്കേണ്ടിവരും. ഞാൻ ആ യാഥാർത്ഥ്യം തുറന്നു പറയുകയാണ്. അല്ലെങ്കിൽ കേരളം മറ്റു മേഖലകളിൽ ഉഷാറായിരിക്കും. വ്യവസായ രംഗത്തും എംപ്ലോയ്മെന്റ് ജനറേഷൻ രംഗത്തും നമ്മൾ പുറകോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. സമ്പത്ത് ഇവിടെ ഉണ്ടാക്കണ്ടേ? എന്നാലല്ലേ ഡിസ്ട്രിബ്യൂട്ട് ചെയ്യാൻ പറ്റൂ. പൊളിഞ്ഞ ഒരു സ്റ്റേറ്റിൽ എന്ത് ഡിസ്ട്രിബ്യൂട്ട് ചെയ്യാൻ കഴിയും? അതുകൊണ്ട് ഇവിടെ സമ്പദ്ഘടനയിൽ ഇക്കണോമിക് ആക്ടിവിറ്റി കൂടണം. സമ്പത്ത് ഇല്ലാതെ വിതരണം ചെയ്യാൻ പറ്റുമോ? ബജനാവിൽനിന്നും വിതരണം ചെയ്യുന്നത് സംബന്ധിച്ചാണ് ഇവിടെ പറയുന്നത്. സംസ്ഥാനത്ത് സമ്പത്ത് ഉണ്ടാകണ്ടേ?

ശ്രീ. വി. സി. കബീർ: അങ്ങ് വളരെ നിരാശനാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഞാൻ നിരാശനാണ്. എന്റെ നിരാശ മാറ്റാൻ എല്ലാ പേരും സഹകരിക്കണം. ഞാൻ കുറച്ച് നിരാശനാണ്. ഇല്ലെന്ന് പറയുന്നില്ല. ഈ നിരാശയ്ക്കിടയ്ക്കാണ് ഇൻഫോസിസ് ഇവിടെ വന്ന് ഇൻവെസ്റ്റു ചെയ്യാനുള്ള തീരുമാനമെടുത്തത്. ഒന്ന് ആലോചിച്ചു നോക്കൂ. ഈ ബഹളത്തിനിടയിൽ. തിരുവനന്തപുരത്തെ ഈ സമരത്തിനിടയിൽ മാന്യമായി ഓഫീസിൽ എത്താനെങ്കിലും കഴിയണ്ടേ? ഈ ബഹളത്തിനിടയിലും ഇൻഫോസിസ് വന്ന് എഗ്രിമെന്റ് വച്ചുപോയി. ടെൽക്ക് പൊതുമേഖലയ്ക്ക് കൊടുക്കുവാൻ പാടില്ലെന്നുപറഞ്ഞു. അത് സ്വീകാര്യമല്ലല്ലോ. നമുക്ക് ഏത് മേഖലയെന്ന പ്രശ്നം നോക്കണം. ഏത് മേഖലയായാലും വ്യവസായത്തെ നിലനിർത്തണം.

ശ്രീ. കെ. മുഹമ്മദാലി: ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറഞ്ഞതുപോലെ സംസ്ഥാനത്തിന്റെ അനുകൂല സാഹചര്യങ്ങൾ നമുക്ക് പ്രയോജനപ്പെടുത്താൻ കഴിയണം. അതിന് യാഥാർത്ഥ്യ ബോധത്തോടുകൂടിയ സമീപനം എല്ലാ ഭാഗത്തുനിന്നും ഉണ്ടാകണം. അതോടൊപ്പംതന്നെ എഫ്.എ.സി.റ്റി.-യുടെ കാര്യത്തിൽ ഇന്നലെ എം.പി.-മാരും മറ്റും കേന്ദ്രമന്ത്രി ശ്രീ. അരുൺ ഷൂറിയെ കണ്ടിരുന്നു. അദ്ദേഹം ഈ ഓഹരി വിൽപ്പനയുമായി മുന്നോട്ടുപോകുമെന്നാണ് പറഞ്ഞത്. സാധാരണ പൊതുമേഖല സ്ഥാപനം എന്ന നിലയിൽ എഫ്.എ.സി.റ്റി.-യെ കാണരുത്. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഉദ്യോഗമണ്ഡൽ ഡിവിഷനും കൊച്ചിൻ ഡിവിഷനും രണ്ടു പഞ്ചായത്ത് പൂർണ്ണമായും എഫ്.എ.സി.റ്റി.യ്ക്കകത്താണ്. വളരെയേറെ സാമൂഹ്യ പ്രശ്നങ്ങളുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ കോർട്ടിലേയ്ക്ക് ശ്രീ. അരുൺ ഷൂറി പന്ത് അടിച്ചുവിട്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: നടക്കില്ലെന്ന് അറിയാമെന്നതുകൊണ്ടാണ്.

ശ്രീ. കെ. മുഹമ്മദാലി: നടക്കുകയില്ലെന്ന് അറിയാം എന്നതുകൊണ്ടായിരിക്കാം. പക്ഷേ വളരെയേറെ സാമൂഹ്യപ്രശ്നങ്ങൾ വരുന്നതാണ്. മറ്റ് വ്യവസായ സ്ഥാപനങ്ങൾ പോലെയല്ല. എഫ്.എ.സി.റ്റി.-യുടെ കാര്യത്തിൽ വളരെ ഉയർന്ന തലത്തിൽ കേരളത്തിന്റെ താൽപര്യം ഉയർത്തിപ്പിടിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും ഈ കാര്യങ്ങൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽക്കൊണ്ടുവന്ന് ഓഹരി വിൽപ്പന സംബന്ധിച്ച മന്ത്രിയുടെ ഹിഡൻ അജണ്ട ഇല്ലാതാക്കുവാനും ഇത് പൊതുമേഖലയിൽ നിലനിർത്താനും അത് സംസ്ഥാനത്തിന്റെ പൊതുവായ വികാരമായി ഉയർത്തിക്കൊണ്ടുവരാനും ആത്മാർത്ഥമായി പരിശ്രമിക്കണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അതിലൊന്നും ഗവൺമെന്റിന് യാതൊരു വിരോധവുമില്ല. മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരുമല്ല, ആൾ പാർട്ടിയോ എം.പി.-മാരോ ഏതാണ് നിർദ്ദേശം എന്നുവച്ചാൽ എഫ്.എ.സി.റ്റി.-യുടെ കാര്യത്തിൽ അത് ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്. വളം നിർമ്മാണ ഫാക്ടറി എന്നുള്ള നിലയ്ക്ക് പൊതു മേഖലയിൽ നിർത്തണമെന്ന സ്റ്റാന്റ് എടുക്കുവാൻ തയ്യാറാണ്. അതിനൊന്നും കുഴപ്പമില്ല. മറ്റൊരു കാര്യം ഞാൻ പറയുന്നത് നിയമസഭാ സമ്മേളനം ഇന്നു തീരും. ഇതു കഴിഞ്ഞിട്ട് എല്ലാപേരും കൂടിച്ചേർന്ന് ഈ വിഷയം സംബന്ധിച്ച് ഒരു ചർച്ച നടക്കട്ടെ, ചർച്ചയ്ക്ക് ഇനിഷ്യേറ്റീവ് എടുക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്.

## IV. സബ്മിഷൻ

മി. സ്പീക്കർ: 41 സബ്മിഷൻസുണ്ട്. എല്ലാ ബഹുമാനപ്പെട്ട മെമ്പർമാരും രണ്ട് സെന്റൻസിൽ റെയ്സ് ചെയ്യണം. ബഹുമാനപ്പെട്ട മന്ത്രിമാരും രണ്ടോ മൂന്നോ സെന്റൻസിൽ മറുപടി പറയണമെന്ന് ആദ്യമേ അഭ്യർത്ഥിക്കുകയാണ്.

(1) കിളിമാനൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നുള്ള ഷെഡ്യൂളുകൾ നിർത്തലാക്കിയതുമൂലമുള്ള യാത്രാക്ലേശം

ശ്രീ. എൻ. രാജൻ: സർ, കിളിമാനൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് രാത്രി 8 മണിക്കുശേഷം പ്രവർത്തിച്ചിരുന്ന മൂന്ന് ഷെഡ്യൂളുകൾ നിർത്തലാക്കിയതുമൂലവും രാവിലെ ആറുമണിക്കും ഒമ്പതു മണിക്കും ഇടയ്ക്ക് ഡിപ്പോയിൽനിന്ന് പ്രവർത്തിക്കുന്ന ഷെഡ്യൂളുകളുടെ അഭാവം മൂലവും യാത്രക്കാർക്കുണ്ടായ യാത്രാക്ലേശം പരിഹരിക്കേണ്ടത് ആവശ്യമാണ്. ഈ മൂന്ന് സ്റ്റേ ബസ്സുകളും നിർത്തലാക്കിയതിന്റെ ഫലമായി രാവിലെ 5 മണിക്ക് തിരുവനന്തപുരത്തുനിന്നും വിടുന്ന ഫാസ്റ്റ് ബസ്സുകളിൽ ആളില്ല. അതു കൊണ്ട് ഇത് പുനഃപരിശോധിക്കണം. മിനി ബസ്സുകൾ അവിടെ സർവ്വീസ് നടത്തണം. വളരെ പ്രധാനപ്പെട്ട സിറ്റി ഫാസ്റ്റുകൾ വെഞ്ഞാറമൂടുവരെ ഇപ്പോൾ വരുന്നുണ്ട്. 15 കിലോമീറ്റർ അപ്പുറം കിളിമാനൂർ വരെ ഈ സിറ്റി ഫാസ്റ്റുകളുടെ സർവ്വീസ് ഇനി നീട്ടേണ്ടി വരും.